(ബി) ഗ്രാന്റ് തുക ഉപയോഗിച്ച് എത്ര കൃതികളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് പ്രസിദ്ധീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 1,09,950 രൂപ ചെലവായിട്ടുണ്ട്.

(ബി) 18 കൃതികൾ പ്രസിദ്ധീകരിച്ചു.

ഭവനവായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവർ

8 (1673) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും വളരെക്കാലം മുമ്പ് എടുത്ത ഭവനവായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലം ജപ്തി നടപടികൾ നേരിടേണ്ടതായി വരുന്നുണ്ടെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വായ്പ തുക എഴുതിത്തള്ളാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സഹായധനമായി ഈ തുക കോർപ്പറേഷന് അടപ്പിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വായ്പ തിരിച്ചടയ്ക്കുവാൻ തീരെ നിർവ്വാഹമില്ലെന്ന് കോർപ്പറേഷൻ ബോർഡ് ശുപാർശ ചെയ്യുന്ന കേസുകൾ പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്.

(സി) ബാധകമല്ല.

പട്ടികജാതി വികസന കോർപ്പറേഷന്റെ ജില്ലാ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി

9 (1674) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷന്റെ ജില്ലാ ഓഫീസ് പത്തനംതിട്ട ജില്ലയിലെ ആറൻമുളയിൽ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ജില്ലാ ഓഫീസ് നിലവിലില്ലാത്തതു കാരണം പത്തനംതിട്ട ജില്ലയിലെ പട്ടികജാതിക്കാരായ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ കോർപ്പറേഷന്റെ ജില്ലാ ഓഫീസ് ആറൻമുളയിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ജില്ലാ ഓഫീസ് പത്തനംതിട്ട ജില്ലയിലെ പന്തളത്ത് പ്രവർത്തിക്കുന്നുണ്ട്. അതിനാൽ ആറൻമുളയിൽ ആരംഭിക്കുവാൻ നിർവ്വാഹമില്ല.

(ബി) ഇല്ല. പത്തനംതിട്ട ജില്ലയിലെ പന്തളത്ത് ജില്ലാ ഓഫീസ് നിലവിലുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഐ. എച്ച്. ഡി. പി. കോളനികൾ

10 (1675) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര ഐ. എച്ച് ഡി. പി. കോളനികളാണുള്ളത് ;

(ബി) ഓരോ ജില്ലയിലും എത്ര കോളനികൾ വീതം ;

(സി) ഓരോ കോളനികളുടെയും പേരു വിവരം ലഭ്യമാക്കുമോ ;

(ഡി) ഓരോ കോളനിയിലെയും ആദിവാസി ജനവിഭാഗങ്ങളുടെ എണ്ണം എത്രയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) 1876 ഐ. എച്ച്. ഡി. പി. കോളനികൾ.

(ബി&സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാക്കാലൻമാർക്ക് സംവരണാനുകൂല്യം

11 (1676) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പുത്തൃക്ക പഞ്ചായത്തിൽ വടയംപാടി പ്രദേശങ്ങളിൽ താമസിക്കുന്ന 'കാക്കാലൻമാർക്ക്' പട്ടികജാതി സംവരണ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ ലഭിക്കുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly